## അദ്ധ്യായം – 7

# ഓൺലൈൻ രജിസ്ട്രേഷൻ

കേരളോത്സവ മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുകയാണ്. പ്രാഥമികതലം മുതൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഓൺലൈൻ രജിസ്ട്രേഷന്റെ ചുമതല.
2. പ്രാഥമികതല മത്സരത്തിൽ (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മത്സരത്തിൽ പങ്കെടുക്കേണ്ടവരെ *അനുബന്ധം 2* ലെ അപേക്ഷ ഫോറം പൂരിപ്പിച്ച് വാങ്ങി രജിസ്റ്റർ ചെയ്യേണ്ടതും, മത്സരം കഴിഞ്ഞ് വിജയികളെ www.ksywb.kerala.gov.in എന്ന വെബ്സൈറ്റിൽ കേരളോത്സവം ഓൺലൈൻ രജിസ്ട്രേഷൻ എന്ന ലിങ്ക് വഴി അടുത്ത തലത്തിലേയ്ക്കുള്ള മത്സര വിവരങ്ങൾ ഓൺലൈൻ വഴി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.
3. ക്ലബ്ബിന്റെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിന്റെ പേരും വിലാസവും കൃത്യമായും രേഖപ്പെടുത്തണം. ഈ വിവരം ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
3. ഗ്രാമ പഞ്ചായത്ത് തലത്തിൽ നിന്നും വിജയികളുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഓൺലൈനായി സ്വീകരിക്കേണ്ടതും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിജയികളെ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.
4. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലത്തിൽ നിന്നും മത്സരിച്ച് വിജയിക്കുന്നവരെ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
5. ജില്ലാതല മത്സര വിജയികളെ സംസ്ഥാന തലത്തിൽ മത്സരിപ്പിക്കുന്നതിനായി ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ജില്ലാതലത്തിൽ നേരിട്ട് നടത്തുന്ന മത്സര വിഭാഗങ്ങൾക്കുള്ള രജിസ്ട്രേഷനും ജില്ലയിൽ തന്നെ നടത്തേണ്ടതാണ്.
6. പ്രാഥമിക തലം മുതൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ ലഭിക്കുന്ന എൻട്രി പാസ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അറ്റസ്റ്റ് ചെയ്യേണ്ടതാണ്.
7. ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് അതത് യുവജനക്ഷേമ ബോർഡ് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ജില്ലാ ഓഫീസുകളുടെ വിലാസം അനുബന്ധം 8 ആയി ചേർത്തിട്ടുണ്ട്.

++++++++++

# യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം

1. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് ഈ വർഷം മുതൽ അവസരം നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ പേരിൽ ഗ്രാമതലം മുതൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതാത് ക്ലബ്ബുകളുടെ പേരിലായിരിക്കണം സംസ്ഥാനതലം വരേയും മത്സരിക്കേണ്ടത്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ സംസ്ഥാനതലം വരെ മറ്റൊരു ക്ലബ്ബിന്റെ പേരിൽ മത്സരിക്കാൻ സാധിക്കുകയില്ല. മത്സരിക്കുന്ന വ്യക്തികൾ അനുബന്ധം (2) ൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിവരം ക്ലബ്ബ് ഭാരവാഹികൾ സാക്ഷ്യപ്പെടുത്തി അതാത് പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ യൂത്ത് കോ-ഓർഡിനേറ്റർമാർക്കോ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ഉദ്യോഗസ്ഥർക്കോ നിർബന്ധമായും നൽകേണ്ടതാണ്.

2. ക്ലബ്ബിന്റെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിന്റെ പേരും വിലാസവും കൃത്യമായും രേഖപ്പെടുത്തണം.

3. കോർപ്പറേഷൻ /മുനിസിപ്പാലിറ്റിതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഒരു ക്ലബ്ബിന് 5,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്.

4. ബ്ലോക്ക്തലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഒരു ക്ലബ്ബിന് 5,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്.

5. ജില്ലാതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ഒന്നാം സമ്മാനമായി 5,000/- രൂപയും രണ്ടാം സമ്മാനമായി 3,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.

6. സംസ്ഥാനതലത്തിൽ കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 1,00,000/- രൂപയും രണ്ടാം സമ്മാനമായി 50,000/- രൂപയും മൂന്നാംസമ്മാനം 25,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.